# ചിറ്റരത്ത

ആൽപീനിയ കാൽക്കരേറ്റ എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ചിറ്റരത്ത വർഷം മുഴുവനും പച്ചയായി നിൽക്കുന്ന ഒരു ചിരസ്ഥായീ സസ്യമാണ്. ഇതിന്റെ ഭൂകാണ്ഡമാണ് ഔഷധമായി ഉപയോഗിക്കുന്നത്.

സിൻജിബെറേസിയേ കുടുംബത്തിൽപെടുന്ന ഈ സസ്യം കുലിൻജം എന്ന് ഹിന്ദിയിലും രസ്ന എന്ന് സംസ്കൃതത്തിലും അറിയപ്പെടുന്നു..

## രൂപവിവരണവും ഇനങ്ങളും

ഒന്നര മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഈ സസ്യത്തിന്റെ ഇലകൾ വീതി കുറഞ്ഞ് നീളം കൂടിയതാണ്. ഭൂമിക്ക് സമാന്തരമായി വളരുന്ന തടിച്ച വേരുപോലെയുള്ള പ്രകന്ദം ശാഖകളായി കാണപ്പെടുന്നു.

ഇലയ്ക്കും, പൂവിനും, പ്രകന്ദനത്തിനുമെല്ലാം ഹൃദ്യമായ സുഗന്ധം ഉണ്ട്. വലിപ്പമുള്ള പൂക്കളുടെ ദളങ്ങൾക്കുള്ളിൽ പിങ്കു നിറമുള്ള വരകൾ കാണാം.

ഈ സസ്യജനുസ്സിൽ തന്നെ പെടുന്ന അരത്ത എന്ന സസ്യം, **Greater Galangal** അഥവാ **Siamese ginger** എന്നറിയപ്പെടുന്ന ***Alpinia galanga*** ആണ്. വലിയ ഇലകളും ചിറ്റരത്തയേക്കാൾ ഉയരവുമുള്ള ഇതിന്റെ പൂക്കൾ വലിപ്പം കുറഞ്ഞതും വെള്ള നിറത്തോടു കൂടിയതുമാണ്. പ്രകന്ദം വലിപ്പമുള്ളതുമാണ്

## രാസഘടകങ്ങൾ

ചിറ്റരത്തയുടെ ഭൂകാണ്ഡത്തിൽ പ്രധാനമായും കെംഫീറൈഡ്, ഗലംഗിൻ, ആൽപിനിൻ എന്നീ രാസഘടകങ്ങൾ അടങ്ങിയിരിക്കുന്നു. ഭൂകാണ്ഡം വാറ്റിയെടുക്കുന്ന തൈലത്തിൽ മീതൈൽ സിന്നാമേറ്റ്, സിനിയോൾ, പൈനീൻ തുടങ്ങിയ രാസ ഘടകങ്ങളുണ്ട്

## ഔഷധമൂല്യവും ഉപയോഗങ്ങളും

ആയുർവ്വേദഔഷധങ്ങളിൽ പ്രസിദ്ധങ്ങളായ രാസ്നാദിചൂർണ്ണം, രാസ്നാദി കഷായം, രാസ്നാ സവം, മഹാ രാസ്നാദി കഷായം, രാസ്ന സപ്തകം, രാസ്നൈ രണ്ടാദികഷായം, രാസ്നാ ദശമൂലക്വാഥം തുടങ്ങിയവയിൽ ഇത് ഒരു പ്രധാനചേരുവയാണ്.

ചിറ്റരത്തയുടെ കിഴങ്ങ് ദഹനശക്തി വർദ്ധിപ്പിക്കാനും, കഫ-വാത രോഗങ്ങൾ ശമിപ്പിക്കാനും വാതസംബന്ധമായ വേദനകൾ അകറ്റാനും ഉപകരിക്കുന്നു. ഇത് ശ്വാസകോശരോഗങ്ങൾ ദൂരീകരിക്കുകയും അർശോരോഗങ്ങൾ ഇല്ലാതാക്കുകയും വായിലെ ദുർഗന്ധം അകറ്റുകയുംചെയ്യും. ചിറ്റരത്ത ആട്ടിൻപാലിൽ കഷായംവച്ചു സേവിച്ചാൽ ആസ്ത്മാരോഗത്തിന് ആശ്വാസം ലഭിക്കും. കുളികഴിഞ്ഞ് രാസ്നാദി പൊടി തലയിൽ തിരുമ്മിയാൽ നീർവീഴ്ച ഉണ്ടാകില്ല. രക്തസമ്മർദ്ദം സാധാരണഗതിയിലാക്കുന്നതിനും ഒച്ചയടപ്പു മാറ്റുന്നതിനും പ്രമേഹരോഗചികിൽസയിലും ചിറ്റരത്ത ചേർന്ന ഔഷധങ്ങൾ നൽകാറുണ്ട്.

## നടീലും വിളപരിചണവും

### കാലാവസ്ഥയും മണ്ണും

ചതുപ്പുസ്ഥലങ്ങളിലും നല്ല മഴ ലഭിക്കുന്ന ഉഷ്ണമേഖലാ പ്രദേശങ്ങളിലുമാണ് ഈ സസ്യം കൂടുതലായി കണ്ടു വരുന്നത്. കേരളം, കർണ്ണാടക, തമിഴ്നാട്, ബംഗാൾ, ബീഹാർ, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങ

ളിൽ ചിറ്റരത്ത സുലഭമാണ്. നീർവാർച്ച കുറഞ്ഞ എക്കൽമണ്ണാണ് ഉത്തമം. എങ്കിലും മിക്ക മണ്ണിനങ്ങളിലും ഇതു കൃഷിചെയ്യാവുന്നതാണ്.

തെങ്ങിൻതോപ്പുകളിലും റബർ തോട്ടങ്ങളിലും ചിറ്റരത്ത ഇടവിളയായി കൃഷി ചെയ്യാം.

## പ്രവർദ്ധനം

ചിരസ്ഥായീ സസ്യമായതിനാൽ നടീൽ വസ്തുവായി ചിറ്റരത്തയുടെ പച്ചയായ ഭൂകാണ്ഡം ആണ് ഉപയോഗിക്കുന്നത്. വിളവെടുത്ത ഭൂകാണ്ഡം സൂക്ഷിച്ചുവച്ചാൽ ഉണങ്ങിപ്പോകും. അതിനാൽ ആവശ്യാനുസരണം കൃഷിസ്ഥലത്തുനിന്ന് കട പിഴുതെടുത്ത് ഭൂകാണ്ഡം ഓരോ മുളവീതമുള്ള ചെറുകഷണങ്ങളാക്കി നടുവാൻ ഉപയോഗിക്കാം. ഒരേക്കർ സ്ഥലത്തേക്ക് ഏകദേശം 500 കിലോ നടീൽ വസ്തു വേണ്ടിവരും.

## നടീൽ

കാലവർഷാരംഭത്തോടെ ഏക്കറൊന്നിന് 4 ടൺ ജൈവവളം ചേർത്ത് കൃഷിസ്ഥലം നന്നായി ഉഴുത് നിരപ്പാക്കി വാരങ്ങളെടുക്കണം.

വാരത്തിൽ 30 സെന്റീമീറ്റർ അകലത്തിൽ കൈക്കുഴികൾ എടുത്ത് ചെറു കഷണങ്ങളായി തയ്യാറാക്കിയ കാണ്ഡം നടണം. ചാണകപ്പൊടികൊണ്ട് കുഴി മൂടി ചപ്പിലകളോ കച്ചികൊണ്ടോ പുതയിടണം. മൂന്നുനാലാഴ്ച കൊണ്ട് ചെടിമുളച്ച് വളർന്നു തുടങ്ങും. ഒരുമാസത്തിനുശേഷം പാഴുപോക്കി കളകൾ നീക്കി വളമിട്ട് മണ്ണണയ്ക്കണം.

ഏക്കറൊന്നിന് പ്രതിവർഷം 80 കിലോഗ്രാം യൂറിയ, 100 കിലോഗ്രാം രാജ്ഫോസ്, 30 കിലോഗ്രാം പൊട്ടാഷ് എന്നിവ 2-3 തവണകളായി നൽകുന്നത് നല്ലതാണ്. ജൈവവളങ്ങളും പച്ചിലവളങ്ങളും ചെടികളുടെ വളർച്ചക്ക് സഹായകമാണ്. ചെടി നന്നായി വളർന്നു കഴിഞ്ഞാൽ പിന്നെ കളകൾ വളരുകയില്ല.

## കീടങ്ങളും രോഗപരിച.രണവും

ചിറ്റരത്തയിൽ രോഗകീടബാധ പൊതുവേ കുറവാണ്

അപൂർവമായി തണ്ടുതുരപ്പൻ പുഴു, ഇലതീനിപ്പുഴു എന്നിവ കാണാം.

കുമിളിന്റെ ആക്രമണം മൂലമുള്ള ഇലകരിച്ചിൽ കാണുകയാണെങ്കിൽ ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തളിക്കണം.

## വിളവെടുപ്പ് , സംസ്കരണം , വിപണനം

ചിറ്റരത്ത ഒന്നരവർഷം മുതൽ വിളവെടുക്കാമെങ്കിലും മൂന്നാം വർഷമാണ് ഏറ്റവും ഉയർന്ന വിളവും ഗുണമേൻമയും ലഭിക്കുന്നത്. ആഴത്തിലുള്ള ബലമേറിയ വേരുകൾ ഉള്ളതുകൊണ്ട് ചിറ്റരത്ത പറിച്ചെടുക്കുവാൻ പ്രയാസമാണ്. ആദ്യം മണ്ണിനുമുകളിലുള്ള ഭാഗങ്ങൾ വെട്ടിനീക്കി ഭൂകാണ്ഡം മൺവെട്ടികൊണ്ട് കിളച്ചെടുക്കണം. അതിനുശേഷം വേരും തണ്ടും നീക്കംചെയ്തു ഭൂകാണ്ഡം കഴുകി 5 സെന്റീമീറ്റർ നീളമുള്ള കഷണങ്ങളായി മുറിച്ച് നാലഞ്ചു ദിവസം വെയിലത്തു വച്ചുണക്കി വിൽപ്പന നടത്താം.

നല്ല രീതിയിൽ പരിചരിച്ചാൽ ഒരു ഏക്കറിൽനിന്നും 8-10 ടൺ ചിറ്റരത്ത ലഭിക്കും. ഉണങ്ങുമ്പോൾ ഇത് നാലിലൊന്നാകും.

ചിറ്റരത്തയുടെ ഭൂകാണ്ഡത്തിലും വേരിലും തൈലം അടങ്ങിയിട്ടുണ്ട്. മൂന്നുനാലു മണിക്കൂർ ആവി വാറ്റു നടത്തിയാൽ ഭൂകാണ്ഡത്തിൽ നിന്ന് 0.2% വും വേരിൽനിന്ന് 0.5% വും തൈലം ലഭിക്കും. ഉണങ്ങിയ ഭൂകാണ്ഡത്തിൽ നിന്നുള്ള തൈലത്തിന്റെ അളവ് 0.9% ആണ്.